**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 865** **14-10-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള പുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 'കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ്' പദ്ധതി നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കഞ്ചിക്കട്ട റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് PRICE മുഖേന ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാകുകയും ആയതിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

**(ബി)** പ്രസ്തുത പദ്ധതിക്ക് നിലവിൽ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത തടയണ/പാലത്തിലൂടെയുള്ള സഞ്ചാരം നിരോധിച്ച് മൂന്ന് വർഷത്തോളമായിട്ടും പുതിയ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാത്തത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന യാത്രാബുദ്ധിമുട്ടും കൃഷിയ്ക്കും മറ്റും വെള്ളം ലഭിക്കാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

**(ഡി)** പ്രസ്തുത പദ്ധതിയുടെ സാങ്കേതികവും ഭരണപരവുമായ എല്ലാ തടസ്സങ്ങളും അടിയന്തരമായി പരിഹരിച്ച് എത്രയും വേഗം ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**